പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2119 04/11/2019-ൽ മറുപടിക്ക്

## പാരിപ്പള്ളി മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗം പൂർണ്ണ സജ്ജമാക്കാൻ നടപടി

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണ സജ്ജമാക്കാൻ ആവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണ സജ്ജമാക്കാൻ ആവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ കൈക്കൊണ്ടു വരികയാണ്. |
| ബി) പ്രസ്തുത വിഭാഗം പൂർണ്ണ സജ്ജമാക്കാൻ ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കുവാനുണ്ടെന്ന് വിശദമാക്കാമോ; | ബി) കാർഡിയോളജി വിഭാഗം പൂർണ്ണ സജ്ജമാക്കുന്നതിന്റെ ഭാഗമായി "കാത്ത് ലാബ്" സ്ഥാപിച്ച് അതിന്റെ പരിശോധനയും കാലിബറേഷനും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വൈദ്യുത ക്രമീകരണങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 8 കിടക്കകളുള്ള തീവ്രപരിചരണ വിഭാഗത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ, രണ്ടാം വാർഡിൽ നിന്നും കാത്ത് ലാബിലേക്കുള്ള ഇടനാഴിയുടെ നിർമ്മാണപ്രവർത്തനങ്ങൾ, ETO Sterilizer ന്റെ സ്ഥാപിക്കൽ, Medical gas pipe line system manifold ന്റെ കാത്ത് ലാബിലേക്കുള്ള ബന്ധിപ്പിക്കൽ എന്നിവ പൂർത്തീകരിക്കുവാനുണ്ട്. |

| | |
|---|---|
| (സി) എല്ലാ സൗകര്യങ്ങളുമൊരുക്കി കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണമായി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) അടിസ്ഥാനസൗകര്യ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറക്കും അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ട് നിയമനം നടക്കുകയും ചെയ്യുന്ന മുറക്കും ഈ വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണസജ്ജമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ